ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:02.07.2025**

## പ്രധാനവാർത്തകൾ

1. ഘാന, ബ്രസീൽ ഉൾപ്പെടെ അഞ്ച് രാഷ്ട്രങ്ങളിലേക്കുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശനത്തിന് തുടക്കമായി.
2. രാജ്യാന്തര ഐ.ടി കമ്പനിയായ സോഹോ കോർപ്പറേഷന്റെ ഇന്ത്യയിലെ രണ്ടാമത്തെ റസിഡൻഷ്യൽ ഐ.ടി ക്യാമ്പസ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കൊട്ടാരക്കരയിൽ ഉദ്ഘാടനം ചെയ്യും.
3. തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മുൻ മുഖ്യമന്ത്രി വിഎസ് അച്യുതാനന്ദൻറെ ആരോഗ്യനില അതീവ ഗുരുതരമായി തുടരുന്നു.
4. ഗോത്രജനതയ്ക്ക് സുസ്ഥിര ബദൽവരുമാന മാതൃകകളും സംരംഭങ്ങളും വികസിപ്പിക്കുകയെന്ന ലക്ഷ്യവുമായി ഗോത്രഭേരി ശിൽപശാലയ്ക്ക് തിരുനന്തപുരത്ത് തുടക്കം.
5. രാജ്യത്തെ കോവിഡ് വാക്സിനുകൾ സുരക്ഷിതവും ഫലപ്രദവുമെന്ന് സ്ഥിരീകരിച്ച് ഐ സി എം ആർ പഠന റിപ്പോർട്ട്.

RNU TVPM

6. **ഇന്ത്യ - ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്.**

&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി സന്ദർശനം

പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തുന്ന അഞ്ച് രാഷ്ട്രങ്ങളിലെ സന്ദർശനത്തിന് തുടക്കമായി. ആദ്യ പാദത്തിൽ ഘാനയിൽ എത്തുന്ന അദ്ദേഹം പിന്നീട് ട്രിനിഡാഡ് ആൻഡ് ടൊബാഗോ, അർജന്റീന, ബ്രസീൽ, നമീബിയ എന്നീ രാജ്യങ്ങൾ സന്ദർശിക്കും. ആഫ്രിക്കൻ യൂണിയനിലും പശ്ചിമ ആഫ്രിക്കൻ രാജ്യങ്ങളുടെ സമ്പദ്‌വ്യവസ്ഥയിലും ഘാന പ്രധാന പങ്ക് വഹിക്കുന്നതായി ഘാനയിലേക്ക് യാത്ര തിരിക്കുന്നതിന് മുൻപ് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഘാന,നമീബിയ എന്നീ രാജ്യങ്ങളിലേക്കുള്ള പ്രധാനമന്ത്രിയുടെ ആദ്യ ഉഭയകക്ഷി സന്ദർശനമാണിത്.

RIJU TVPM

&&&&&&&&&&&&&&&&&&

## കോവിഡ്-19 വാക്സിനുകൾ സുരക്ഷിതം

രാജ്യത്തെ കോവിഡ് വാക്സിനുകൾ സുരക്ഷിതവും ഫലപ്രദവുമാണെന്ന് സ്ഥിരീകരിച്ച് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്, നാഷണൽ സെന്റർ ഫോർ

ഡിസീസ് കൺട്രോൾ, AIIMS എന്നിവയുടെ പഠനങ്ങൾ. കോവിഡ് വാക്സിനുകളും പെട്ടെന്നുള്ള മരണങ്ങളും തമ്മിൽ ഒരു ബന്ധവുമില്ലെന്നാണ് വിലയിരുത്തൽ. ജനിതകഘടന, ജീവിതശൈലി, മുമ്പുണ്ടായിരുന്ന രോഗാവസ്ഥകൾ, കോവിഡിനു ശേഷമുള്ള സങ്കീർണതകൾ എന്നിവ ഉൾപ്പെടെ നിരവധി ഘടകങ്ങൾ പെട്ടെന്നുള്ള ഹൃദയാഘാതത്തിന് കാരണമാകാമെന്നും പഠനത്തിൽ പറയുന്നു.

&&&&&&&&&&&&&&&&&&

**ഗോത്രഭേരി**

ഗോത്രജനതയ്ക്ക് സുസ്ഥിര ബദൽവരുമാന മാതൃകകളും സംരംഭങ്ങളും വികസിപ്പിക്കുന്നതിന് വനംവകുപ്പിൻറെ ഗോത്രഭേരി ഏകദിന ശിൽപശാലയ്ക്ക് തുടക്കമായി. തിരുവനന്തപുരം വനം ആസ്ഥാനത്ത് മന്ത്രി എ കെ ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു. മനുഷ്യ-വന്യ ജീവി സംഘർഷം ലഘുകരിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന 10 കർമ്മപദ്ധതികളിൽ ഒന്നാണ് ഗോത്രഭേരി.

&&&&&&&&&&&&&&&&&&

**മുഖ്യമന്ത്രി ഐടി കമ്പനി**

RNU TVPM

രാജ്യാന്തര ഐ.ടി കമ്പനിയായ സോഹോ കോർപ്പറേഷന്റെ ഇന്ത്യയിലെ രണ്ടാമത്തെ റസിഡൻഷ്യൽ ഐ.ടി ക്യാമ്പസ് കൊട്ടാരക്കര നെടുവത്തൂരിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും. റോബോട്ടിക്സ്, എ ഐ, പ്രോഡക്റ്റ് ഡെവലപ്മെന്റ് മേഖലകളിൽ ശ്രദ്ധകേന്ദ്രീകരിക്കുന്ന ക്യാമ്പസിൽ ആദ്യഘട്ടത്തിൽ 250 പേർക്ക് ജോലി ലഭ്യമാകും.

&&&&&&&&&&&&&&&&&&

**വി എസ് ആരോഗ്യനില**

RNU TVPM

തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻറെ ആരോഗ്യനില അതീവ ഗുരുതരാവസ്ഥയിൽ തുടരുന്നു. ആരോഗ്യനില മാറ്റമില്ലാതെ തുടരുന്നതായി മെഡിക്കൽ ബുള്ളറ്റിനിൽ അറിയിച്ചു. മെഡിക്കൽ ബോർഡ് ഇന്ന് രാവിലെ യോഗം ചേർന്ന് വിഎസിൻറെ ആരോഗ്യനില വിലയിരുത്തി. ഏഴംഗ വിദഗ്ദ്ധ സംഘത്തിൻറെ നിർദ്ദേശപ്രകാരമാണ് ചികിത്സ.

&&&&&&&&&&&&&&&&&&

**ജി ആർ അനിൽ**

കേന്ദ്രമന്ത്രിമാരായ പ്രൽഹാദ് ജോഷി, ഹർദീപ് സിംഗ് പുരി എന്നിവരുമായി മന്ത്രി ജി.ആർ. അനിൽ കൂടിക്കാഴ്ച

നടത്തി. ഓണക്കാലത്ത് കൂടുതൽ അരിവിഹിതം ലഭ്യമാക്കണമെന്നും, മുൻഗണനേതര കുടുംബങ്ങൾക്ക് ഓണക്കാലത്ത് അധികമായി 5 കിലോ അരി അനുവദിക്കണമെന്നും അദ്ദേഹം കൂടിക്കാഴ്ചയിൽ ആവശ്യപ്പെട്ടു. ഇ - പോസ് യന്ത്രങ്ങളുടെ അപ്ഗ്രഡേഷൻ, മണ്ണെണ്ണ വിഹിതം എന്നിവയുടെ നിർദിഷ്ട സമയപരിധി സപ്തംബർ 30 വരെ ദീർഘിപ്പിക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

**റേഷൻ വിതരണം**

സംസ്ഥാനത്തു ജൂൺ മാസത്തെ റേഷൻ വിതരണം ഇന്ന് അവസാനിക്കും. മാസാന്ത്യ കണക്കെടുപ്പുമായി ബന്ധപ്പെട്ട് റേഷൻ കടകൾക്കു നാളെ അവധിയായിരിക്കും. നാലാം തീയതി മുതൽ ജൂലൈ മാസത്തെ റേഷൻ വിതരണം ആരംഭിക്കും.

&&&&&&&&&&&&&&&&&&

**കുടിവെള്ള പദ്ധതി-ഇൻട്രോ**

കൊല്ലം നഗരമേഖലയിലെ

കുടിവെള്ള ദൗർലഭ്യത്തിന് പരിഹാരമാകുന്ന ഞാങ്കടവ് കുടിവെള്ള പദ്ധതി അവസാനഘട്ടത്തിൽ. കൊല്ലം കോർപ്പറേഷൻ നടപ്പാക്കുന്ന പദ്ധതി അടുത്ത വർഷം മെയ്

PRNU TVPM

മാസം കമ്മീഷൻ ചെയ്യുന്നതോടെ നഗരത്തിൽ 24 മണിക്കൂറും ശുദ്ധജല ലഭ്യത ഉറപ്പാകും.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ.........***

***(വോയിസ്)***

&&&&&&&&&&&&&&&&&&

**സയൻസ് സിറ്റി-ഉദ്ഘാടനം**

സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൻറെ ആഭിമുഖ്യത്തിൽ സ്ഥാപിച്ച സയൻസ് സിറ്റിയുടെ ഒന്നാംഘട്ട ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ കോട്ടയത്ത് നിർവഹിക്കും. കേന്ദ്ര മന്ത്രി ഗജേന്ദ്രസിംഗ് ശെഖാവത്ത് മുഖ്യാതിഥിയാകും. കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിലെ കോഴായിൽ സംസ്ഥാന സർക്കാർ അനുവദിച്ച 30 ഏക്കർ ഭൂമിയിലാണ് സയൻസ് സിറ്റിയുടെ നിർമാണം.

&&&&&&&&&&&&&&&&&&

**വനമഹോത്സവം**

രാജ്യവ്യാപകമായി നടക്കുന്ന വനമഹോത്സവത്തിൻറെ ഭാഗമായി സംസ്ഥാന വനം വകുപ്പ് വിവിധ പരിപാടികൾ സംഘടിപ്പിക്കും.

RNU TVPM

പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി എ കെ ശശീന്ദ്രൻ നാളെ കോട്ടയത്ത് നിർവ്വഹിക്കും. വന സംരക്ഷണത്തിൻറെ പ്രാധാന്യത്തെ കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുകയാണ് പരിപാടിയുടെ ലക്ഷ്യം.1950-ലാണ്

ജൂലൈ 1 മുതൽ 7 വരെ രാജ്യത്ത് വനമഹോത്സവം ആചരിക്കുന്നതിന് തുടക്കമിട്ടത്.

&&&&&&&&&&&&&&&&&&

## മുല്ലപ്പെരിയാർ

മുല്ലപ്പെരിയാർ അണക്കെട്ടിൻറെ 13 ഷട്ടറുകളിൽ മൂന്നെണ്ണം ഇന്ന് ഉച്ചയ്ക്ക് 12 മണിയോടെ അടച്ചു. ജലനിരപ്പ് പുതുക്കിയ റൂൾ കർവ് ലെവലായ 136.30 അടിയിലെത്തി. വൃഷ്ടിപ്രദേശത്ത് മഴ കുറഞ്ഞതിനാൽ ഡാമിലേക്കുള്ള നീരൊഴുക്ക് 1703.36 ഘന അടിയായി കുറഞ്ഞു.

RIJU TVPM

&&&&&&&&&&&&&&&&&&

## കെഎസ്ആർടിസി

യാത്രാമധ്യേ അപസ്മാരത്തെ തുടർന്ന് ബോധം നഷ്ടപ്പെട്ട യാത്രക്കാരിയെ കെഎസ്ആർടിസി ജീവനക്കാർ തിരുവല്ലയിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചു.

കോന്നി സ്വദേശിനി നീതുവിനെയാണ് ആശുപത്രിയിൽ എത്തിച്ചത്. പത്തനാപുരത്ത് നിന്നും സുൽത്താൻ ബത്തേരിയിലേക്ക് പോവുകയായിരുന്ന കെഎസ്ആർടിസി സൂപ്പർഫാസ്റ്റ് ബസ്സിലായിരുന്നു സംഭവം.

&&&&&&&&&&&&&&&&&&

## ക്രിക്കറ്റ്

ഇന്ത്യ - ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിന് ഇന്ന് തുടക്കം. ഇംഗ്ലണ്ടിലെ ബർമിംഗ്ഹാമിൽ ഇന്ത്യൻ സമയം വൈകുന്നേരം 3.30-നാണ് മത്സരം.

5 മത്സരങ്ങളുള്ള പരമ്പരയിലെ ആദ്യ ടെസ്റ്റിൽ ഇംഗ്ലണ്ടിനായിരുന്നു ജയം. മൂന്നാം മത്സരം ഈ മാസം 10-ന് നടക്കും.

RNU TVPM

&&&&&&&&&&&&&&&&&&

## സ്മാർട്ട് ലഗേജ് ലോക്കർ -ഇൻട്രോ

തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിലും ഇനി സ്മാർട്ട് ലഗേജ് ലോക്കർ സൗകര്യം. സംസ്ഥാനത്തെ രണ്ടാമത്തെ സ്മാർട്ട് ലോക്കറാണിത്.

***ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി***

***രെജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ട്............***

**&&&&&&&&&&&&&&&&&&**

**കൊല്ലം സംഘർഷം**

നഗരത്തിലെ മാലിന്യപ്രശ്നവുമായി ബന്ധപെട്ട് കൊല്ലം കോപ്പറേഷനിലേക്ക് ബി ജെ പി നടത്തിയ മാർച്ചിൽ സംഘർഷം. പ്രതിഷേധക്കാർ പോലീസുമായി ഏറ്റുമുട്ടി.

**&&&&&&&&&&&&&&&&&&**

**ശബരിമല -ഇൻഡ്രോ**

ശബരിമല നട ഈ മാസം 11 ന് തുറക്കും. ഈ മാസം മൂന്ന് തവണ പൂജകൾക്കായി നട തുറപ്പ് നടക്കും എന്ന അപൂർവതകൂടി ഉണ്ട്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ...........***

***(വോയിസ്)***

**&&&&&&&&&&&&&&&&&&**

**റെയിൽവേ ഗേറ്റ് അടച്ചിടും**

ആലപ്പുഴയിൽ മാവേലിക്കര-ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനുകൾക്കിടയിലുള്ള ലെവൽ ക്രോസ് നമ്പർ 16 (മടത്തുംപടി ഗേറ്റ്) ഇന്ന് വൈകിട്ട് ആറുമണി മുതൽ നാളെ

RNU TVPM

രാവിലെ ആറുമണി വരെ അറ്റകുറ്റപണികൾക്കായി അടച്ചിടും. വാഹനങ്ങൾ മറ്റു വഴി പോകണമെന്നു അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&&&

**മൻ കി ബാത് -മത്സരം**

മേരാ യുവ ഭാരത് സംഘടിപ്പിക്കുന്ന മൻ കി ബാത് താലൂക്ക് തല മത്സരങ്ങളുടെ ഒന്നാം ഘട്ടം ഈ മാസം 5, 6 തീയതികളിൽ സംഘടിപ്പിക്കും. താലൂക്ക് തല വിജയികൾക്ക് ആഗസ്റ്റ് 15 ന് ന്യൂഡൽഹിയിൽ നടക്കുന്ന സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ പങ്കെടുക്കാനും ചരിത്രപ്രധാന സ്ഥലങ്ങൾ സന്ദർശിക്കാനും അവസരം ലഭിക്കും.

RNU TVPM

&&&&&&&&&&&&&&&&&&

**ഭക്ഷ്യ കമ്മീഷൻ -സന്ദർശനം**

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 -ൻറെ ഭാഗമായി കൊല്ലത്ത് നടപ്പാക്കുന്ന പദ്ധതികളുടെ പ്രവർത്തനം വിലയിരുത്താൻ ഭക്ഷ്യ കമ്മീഷൻ ചെയർപേഴ്സണും ഉദ്യോഗസ്ഥരും വാടി, തങ്കശ്ശേരി മേഖലകളിലെ അങ്കണവാടികൾ, സ്കൂളുകൾ എന്നിവിടങ്ങൾ സന്ദർശിച്ചു. ഉദ്യോഗസ്ഥ സംഘം കുട്ടികളുടെ എണ്ണം വിലയിരുത്തി.

കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കാൻ കമ്മീഷൻ നിർദേശം നൽകി.

&&&&&&&&&&&&&&&&&&

**പടയപ്പ ഇറങ്ങി**

ഇടുക്കി മൂന്നാർ ഗുണ്ടുമല ന്യൂ ഡിവിഷനിലെ ജനവാസ മേഖലയിൽ പടയപ്പ എന്ന കാട്ടാന ഇറങ്ങി. പ്രദേശത്തെ കൃഷി നശിപ്പിച്ചതായി നാട്ടുകാർ പറഞ്ഞു. ആന ഇപ്പോഴും ഈ മേഖലയിൽ തുടരുകയാണ്.

&&&&&&&&&&&&&&&&&&

RNU TVPM

**സ്വർണം/ഓഹരി**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം.ബോംബെ ഓഹരി സൂചിക സെൻസെക്സ് 155 പോയിന്റ് താഴ്ന്നു 83,539 ലും , ദേശീയ ഓഹരി സൂചിക നിഫ്റ്റി 44 പോയിന്റ് കുറഞ്ഞു 25,497 ലും വ്യാപാരം തുടരുന്നു.

സ്വർണ വിലയിൽ വർധന.ഗ്രാമിന് 45 രൂപ ഉയർന്നു 9,065 രൂപയും,പവന് 360 രൂപ വർധിച്ചു 72,520 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

**പാർലമെൻററി സ്റ്റാൻഡിങ് കമ്മിറ്റി**

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള വിഷയം ചർച്ച ചെയ്യുന്നതിനായി പാർലമെൻററി സ്റ്റാൻഡിങ് കമ്മിറ്റിയുടെ യോഗം ഇന്ന് നടക്കും. ബിജെപി എം പി രാധാ മോഹൻ ദാസ് അഗർവാളാണ് കമ്മിറ്റിയുടെ അധ്യക്ഷൻ. 'സൈബർ കുറ്റകൃത്യങ്ങൾ - പ്രത്യാഘാതങ്ങൾ, സംരക്ഷണം, പ്രതിരോധം' എന്ന വിഷയത്തിൽ ചർച്ച നടക്കും.

&&&&&&&&&&&&&&&&&&

## സർക്കുലർ

'ചെയർമാൻ' എന്നതിനുപകരം 'ചെയർപേഴ്സൺ' എന്ന് ഉപയോഗിക്കണമെന്ന് നിർദേശിച്ച് ഉദ്യോഗസ്ഥ- ഭരണ പരിഷ്കാര ഔദ്യോഗികഭാഷ വകുപ്പ് സർക്കുലർ പുറത്തിറക്കി.ഭരണരംഗത്ത് ലിംഗനിഷ്പക്ഷപദങ്ങളുടെ ഉപയോഗം വർധിപ്പിക്കുന്നതിന്റെ ഭാഗമായാണ് നിർദ്ദേശം.

RIU TVPM

&&&&&&&&&&&&&&&&&&

## മാർ ഇവാനിയോസ്-ഓർമ്മപ്പെരുന്നാൾ

മാർ ഇവാനിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുന്നാളിന് തിരുവനന്തപുരത്തു തുടക്കമായി. കബറിടം സ്ഥിതിചെയ്യുന്ന പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ വിപുലമായ പരിപാടികളോട് ഓർമ്മപ്പെരുന്നാൾ ഈ മാസം 15 വരെ

നടക്കും. വിവിധ ഇടങ്ങളിൽ നിന്ന് ആരംഭിക്കുന്ന തീർത്ഥാടന പദയാത്രകളും ഇതോടനുബന്ധിച്ച് നടക്കും.

&&&&&&&&&&&&&&&&&&

**ആനക്കുട്ടി ചരിഞ്ഞു**

പത്തനംതിട്ട കോന്നി ആനക്കൂട്ടിലെ കുട്ടിക്കുറുമ്പനായിരുന്ന കൊച്ചയ്യപ്പൻ ചരിഞ്ഞു. അഞ്ചുവയസായിരുന്നു പ്രായം. ഇന്നു പുലർച്ചെയാണ് ചരിഞ്ഞത്. മരണകാരണം വ്യക്തമല്ല. 2021ൽ കോന്നി ആങ്ങമൂഴി വനമേഖലയിൽ കൂട്ടം തെറ്റി ഒറ്റപ്പെട്ട ആനക്കുട്ടിയെ തള്ളയാന അടങ്ങിയ ആനക്കൂട്ടത്തിൽ തിരികെ ചേർക്കാർ ശ്രമിച്ചെങ്കിലും വിജയിക്കാത്തതിനെ തുടർന്നാണ് കോന്നി ആനക്കൂട്ടിലെത്തിച്ചത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

PNU TVPM